പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 269 29-10-2026-ൽ മറുപടിയ്ക്ക്

സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ, ശുചിത്വമുള്ള ശൗചാലയങ്ങൾ, കുടിവെള്ളം, വിശ്രമസൗകര്യങ്ങൾ, മറ്റ് ആധുനിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിപാലനം ഉറപ്പാക്കുന്നതിനും കൂടുതൽ ശുചിത്വമുള്ളതും പരിസ്ഥിതി ഉത്തരവാദിത്വമുള്ളതുമായി മാറ്റുന്നതിനും വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആധുനിക സാങ്കേതിക മികവുള്ള ടോയ്ലറ്റുകൾ (smart toilet) സ്ഥാപിച്ച് സർക്കാർ സ്മാർട്ട് ടൂറിസ്റ്റ് **അമിനിറ്റി** പദ്ധതി 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്തുള്ള വേളി ടൂറിസ്റ്റ് വില്ലേജിൽ സ്മാർട്ട് ടോയ്ലറ്റ് ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 100 ദിന പദ്ധതിയിൽ ഉൾപ്പെട്ട ഗ്രീൻ മാർഷൽ പദ്ധതിയും വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും വിനോദസഞ്ചാരികൾക്ക് സഹൃദയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ് . കോവളം, ആലപ്പുഴ, മൂന്നാർ, വയനാട് , ഫോർട്ട് കൊച്ചി, എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൈലറ്റ് പ്രോജക്ടായി ഗ്രീൻ മാർഷൽ

പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) വിനോദസഞ്ചാരികൾക്ക് സുരക്ഷിതവും സുഗമവുമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനും കേരളത്തെ ഉത്തരവാദിത്ത ടൂറിസത്തിന്റെയും പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന്റെയും മാതൃകാ കേന്ദ്രമാക്കി മാറ്റുന്നതിനും പ്രസ്തുത പദ്ധതി സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ